# മുഖ്യമന്ത്രിയുടെ അഴിമതിക്കേസിൽ ഹിമാചൽപ്രദേശ് സർക്കാർ ചെയ്യേണ്ടത്

അരുൺ ജെയ്റ്റ്‌ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)

കോൺഗ്രസ് പാർട്ടിയും വീരഭദ്രസിംഗും അഴിമതി ആരോപണത്തെ തള്ളിക്കളയാൻ തീരുമാനിച്ചു. സോണിയാഗാന്ധിയും രാഹുൽ ഗാന്ധിയും നിശ്ശബ്ദതക്കു പിന്നിൽ ഒളിച്ചു. തനിക്കെതിരെയുള്ള ആരോപണങ്ങൾ തെളിയിക്കാനും ധൈര്യമുണ്ടെങ്കിൽ കേസ് ഫയൽ ചെയ്യാനും വീരഭദ്ര സിംഗ് വെല്ലുവിളിച്ചു.

വീരഭദ്രസിംഗിനെതിരെയുള്ള ഒരു കേസിൽ സിബിഐ അന്വേഷണം നടത്തുകയാണ്. ഒരു സ്റ്റീൽ നിർമാണ കമ്പനിയുടെ കണക്കു പുസ്തകത്തിൽ 'വിബിഎസ്' എന്ന ചുരുക്കപ്പേര് കണ്ടതുമായി ബന്ധപ്പെട്ടാണ് ആരോപണം. രണ്ടാമതൊന്ന് വീരഭദ്രസിംഗിനും കുടുംബത്തിനും നേട്ടമുണ്ടാകുംവിധം ആനന്ദ് ചൗഹാനെന്നയാൾ ഷിംലയിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ 5.5 കോടി രൂപ നിക്ഷേപിച്ചതും ആ പണം വിനിയോഗിച്ച് മുഖ്യമന്ത്രിയുടെ കുടുംബാംഗങ്ങൾക്ക് എൽഐസി പോളിസി എടുത്തുകൊടുത്തതും സംബന്ധിച്ചാണ്.

മൂന്നാമത്തെ ആരോപണം ഒരു വൈദ്യുതി ഉൽപ്പാദനക്കമ്പനിക്ക് ആനുകൂല്യങ്ങൾ വഴിവിട്ടു സഹായങ്ങൾ നൽകിയെന്നതാണ്. അത് അന്വേഷിച്ച് തെളിയിക്കപ്പെടേണ്ട കാര്യമാണ്. ഈ കമ്പനിയിൽ നിന്ന് വീരഭദ്ര സിംഗിനും കുടുംബാംഗങ്ങൾക്കും പലിശരഹിത വായ്പ ലഭിച്ചു. ഈ പണം ആ കമ്പനിയുടെ സഹോദര സ്ഥാപനത്തിന്റെ ഓഹരിയെടുക്കാൻ വിനിയോഗിച്ചുവെന്നാണ് ആക്ഷേപം. ചില വസ്തുതകൾ കാണിക്കുന്നത് അതു ശരിയാണെന്നാണു താനും. ഒരു പൊതുസേവകൻ തന്റെ ഔദ്യോഗികശേഷി വിനിയോഗിച്ച് ഏതെങ്കിലും ഇടപാടു നടത്താൻ ഒരു ആളിൽനിന്നോ സ്ഥാപനത്തിൽനിന്നോ ആനുകൂല്യം പറ്റിയാൽ അഴിമതി നിരോധന ചട്ടത്തിലെ 11-ാം വകുപ്പ് പ്രകാരം അയാൾ ശിക്ഷാർഹനാണ്. അഞ്ചുവർഷത്തെ ശിക്ഷ ലഭിക്കാം ഇതിന്. ഹിമാചൽ സർക്കാരുമായി ഇടപാടുള്ളതാണ് വൈദ്യുതി ഉൽപ്പാദന കമ്പനി എന്നറിഞ്ഞു കൊണ്ട് മുഖ്യമന്ത്രി പലിശരഹിത വായ്പ സ്വീകരിച്ചത്. ഈ ഇടപാട് അഴിമതി നിരോധന ചട്ടത്തിലെ 13(1)(ബി)യുടെ ലംഘനമാണ്.

അഴിമതി നിരോധന നിയമത്തിലെ 20-ാം വകുപ്പാണ് ഏറ്റവും ശക്തമായത്. ഒരു പൊതുസേവകൻ വിലപിടിപ്പുള്ള എന്തെങ്കിലും വസ്തുക്കൾ സർക്കാരുമായി ഇടപാടുള്ള ഏതെങ്കിങ്കിലും സ്ഥാപനത്തിൽനിന്ന് ആനുകൂല്യമായി സ്വീകരിച്ചാൽ അത് കൈക്കൂലിയായി വേണം പരിഗണിക്കാൻ. അപ്പോൾ അത് കൈക്കൂലിയല്ലെന്ന് തെളിയിക്കേണ്ട ഉത്തരവാദിത്തം വാങ്ങിയ ആളിൽ നിക്ഷിപ്തമാകുന്നു. അതുകൊണ്ട് ഈ കേസിൽ ആരോപിതനായ മുഖ്യമന്ത്രിയുടെ സംസ്ഥാന പോലീസ് അന്വേഷണം നടത്തിയാൽ പോരാ. 2013 ഡിസംബർ 29 ന് ഞാൻ സിബിഐ ഡയറക്ടർക്ക് എഴുതിയ കത്ത് ഒരു എഫ്ഐആർ ആയി പരിഗണിക്കാവുന്നതാണ്. ഈ കേസ് അന്വേഷിക്കാൻ സിബിഐക്ക് ദൽഹി പോലീസ് ആക്ട് വകുപ്പ് 6 പ്രകാരം സംസ്ഥാന സർക്കാരിന്റെ അനുമതി വേണം. ഈ ആരോപണങ്ങളിൽ അന്വേഷണം നടത്താൻ സിബിഐയ്ക്ക് അനുമതി നൽകാൻ ഞാൻ ഹിമാചൽ പ്രദേശ് സർക്കാരിനെ വെല്ലുവിളിക്കുന്നു.